I/118561/2023

ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/46726/2023-DB3 തീയതി: 07-11-2023

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ.(LID&EW) - അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതുവരെ ഒന്നാംതരം ഓവസീയർ / രണ്ടാംതരം ഓവസീയർക്ക് പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന:- സ. ഉ. (സാധാ) നം: 3644/2017/തസ്വഭവ തീയതി 10.11.2017.

തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, അസിസ്റ്റന്റ് എഞ്ചിനീയർ മേലധികാരിയായിട്ടുള്ള മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവു നിലവിലുണ്ടെങ്കിൽ ടി ഒഴിവുകൾ നികത്തുന്നതുവരെ ടി സ്ഥാപനത്തിലെതന്നെ ഒന്നാംതരം ഓവസീയർ / രണ്ടാംതരം ഓവസീയർക്ക് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനും, ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിനുമുള്ള അനുമതിയോടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല നൽകുന്നതിനുള്ള ഉത്തരവ് സൂചനപ്രകാരം നിലവിലുള്ളതാണ്.

നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ അഭാവം മൂലം ടി സ്ഥാപനത്തിലെ പ്രവർത്തനത്തെ ബാധിക്കുന്ന സാഹചര്യമുണ്ടെങ്കിൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതാതു ജില്ലാപഞ്ചായത്തു എക്സിക്യൂട്ടീവ് എൻജിനീയർമാർ ഗ്രാമപഞ്ചായത്തുകളിലും, ഉത്തര/ദക്ഷിണ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുനിസിപ്പാലിറ്റികളിലും സുഗമമായ പ്രവർത്തനത്തിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

Signed by
Sandeep K G
Date: 07-11-2023 15:57:24

Sandeep K G
CHIEF ENGINEER

ഉള്ളടക്കം : സൂചന ഉത്തരവ്

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസി.എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതുവരെ ഒന്നാം തരം ഓവർസിയർ/രണ്ടാം തരം ഓവർസീയർക്ക് പൂർണ്ണ അധികചുമതല നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം.3644/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,10.11.2017

---

പരാമർശം:- 1 സ.ഉ(സാധാ)നം.3604/2017/തസ്വഭവ തീയതി 07.11.2017.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.11.2017 ലെ ഡി.ബി3/5215/13/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം 76 അസി.എഞ്ചിനീയർമാരെ അസി.എക്സി.എഞ്ചിനീയറ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനെത്തുടർന്ന് അസി.എഞ്ചിനീയർ തസ്തികയിലുണ്ടായ 76 ഒഴിവുകളും, ടി സ്ഥാനകയറ്റത്തിനു മുമ്പുള്ള 82 ഒഴിവുകളുമടക്കം മൊത്തം 158 ഒഴിവുകൾ അസി.എഞ്ചിനീയർ തസ്തികയിൽ നിലവിലുണ്ടെന്നും ഈ തസ്തികയിലെ ഉദ്യോഗസ്ഥരുടെ അഭാവം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ അസി.എഞ്ചിനീയർ മേലധികാരിയായിട്ടുള്ളതും ഒഴിവായിട്ടുള്ളതുമായ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ടി സ്ഥാപനത്തിലെ തന്നെ ഒന്നാം തരം ഓവർസീയർ/രണ്ടാം തരം ഓവർസീയർക്ക് അസി.എഞ്ചിനീയറുടെ പൂർണ്ണ അധികചുമതല നൽകി ഉത്തരവാകണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം അപേക്ഷിക്കുകയുണ്ടായി. കൂടാതെ ടി അധികചുമതലയുള്ള ഉദ്യോഗസ്ഥന് അസി.എഞ്ചിനീയർമാർക്ക് നിലവിലുള്ള അളവ് രേഖപ്പെടുത്തുന്നതിനുള്ള അനുമതിയും ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിനുള്ള അനുമതിയും നൽകണമെന്നും ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ, അസി.എഞ്ചിനീയർ മേലധികാരിയായിട്ടുള്ള മുനിസിപ്പാലിറ്റികളിലും, പഞ്ചായത്തുകളിലും അസിസ്റ്റന്റ് എൻജിനീയറുടെ ഒഴിവ് നിലവിലുണ്ടെങ്കിൽ ടി ഒഴിവുകൾ നികത്തുന്നതുവരെ ടി സ്ഥാപനത്തിലെ തന്നെ ഒന്നാം തരം ഓവർസീയർ/രണ്ടാം തരം ഓവർസീയർക്ക് പ്രവർത്തികളുടെ അളവ് രേഖപ്പെടുത്തുന്നതിനും ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിനുള്ള അനുമതിയോടെ അസി.എഞ്ചിനീയറുടെ പൂർണ്ണ അധികചുമതല നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**

അഡീഷണൽ സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

2 എല്ലാ സെക്രട്ടറിമാർക്കും, ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ/

4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

Endt No: DB3/5215/13/സി.ഇ/LSGD dtd 13/11/17

സെക്ഷൻ ഓഫീസർ

എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും മേൽ ഉത്തരവ് എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കും ലഭ്യമാക്കേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ